**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 819** **09-08-2023 - ൽ മറുപടിയ്ക്ക്**

**മൾട്ടി സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസർക്കാർ പുതുതായി കൊണ്ടുവരുവാൻ ആലോചിക്കുന്ന മൾട്ടി സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് സംഘങ്ങൾ സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെ ഏതൊക്കെ തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പാർലമെന്റിന്റെ പരിഗണനയിലുള്ള മൾട്ടിസ്റ്റേറ്റ് സഹകരണ സംഘം ഭേദഗതി നിയമം, രാജ്യത്തെ സഹകരണ മേഖലയിൽ ഒരു സമാന്തര പാത സൃഷ്ടിക്കുന്നത് ലക്ഷ്യമിട്ടാണ്. രാജ്യത്താകമാനം വളരെ എളുപ്പത്തിൽ മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങൾ ആരംഭിച്ച് സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾക്ക് കടുത്ത വെല്ലുവിളി ഉയർത്തുന്നതാണിത്. വായ്പാ, നിക്ഷേപം എന്നിവയുടെ പലിശ ഏകപക്ഷീയമായി നിശ്ചയിച്ച് പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ മേൽ സഹകരണ സംഘം രജിസ്ട്രാർക്ക് ഒരു നിയന്ത്രണവുമില്ല. പുതിയ ഭേദഗതി പ്രകാരം സംസ്ഥാനത്തെ ഒരു സംഘത്തിന് മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ലയിക്കുന്നതിന് കഴിയുന്നതാണ്. മാത്രവുമല്ല സഹകരണ സംഘം രജിസ്ട്രാർ രജിസ്ട്രേഷൻ റദ്ദാക്കാതെ തന്നെ പ്രാഥമിക സംഘങ്ങൾക്ക് മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയായി മാറാൻ കഴിയുന്നതാണ്.<br><br>മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ<br><br>1. National Co-operative Export Limited. (NCEL) എന്ന പേരിലുള്ള മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എക്സ്പോർട്ട് സൊസൈറ്റി<br>2. Bharatiya Beej Sahakari Samiti Limited. (BBSL) എന്ന പേരിലുള്ള മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സീഡ് -സൊസൈറ്റി<br>3. National Co-operative Organic Limited. (NCOL) എന്ന പേരിലുള്ള ജൈവ ഉത്പന്ന ദേശീയതല സഹകരണ സംഘം |

| | | | |
|---|---|---|---|
| | | | എന്നീ മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സോസൈറ്റികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഇപ്രകാരം രൂപീകരിച്ച സംഘങ്ങളിൽ സംസ്ഥാനങ്ങളിലെ സഹകരണ സംഘങ്ങൾ അംഗത്വമെടുക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മൾട്ടിസ്റ്റേറ്റ് സംഘങ്ങളിൽ സംസ്ഥാന സഹകരണ സംഘങ്ങൾ അംഗത്വം എടുക്കുന്നതിലൂടെ അത്തരം സംഘങ്ങളെ നിയന്ത്രണത്തിൽ ആക്കുന്നതിനുള്ള സാഹചര്യം ഇതിലൂടെ സൃഷ്ടിക്കപ്പെടുന്നു. |
| (ബി) | മൾട്ടി സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് സംഘങ്ങൾ വന്നാലുണ്ടാകാവുന്ന ബുദ്ധിമുട്ടുകളെ മറികടക്കാൻ എന്തൊക്കെ മുൻകരുതൽ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ? | (ബി) | ഭരണഘടനയുടെ ഷെഡ്യൂൾ ഏഴിലെ ലിസ്റ്റ് 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള 'അസോസിയേഷൻ' എന്ന വിഷയത്തിലാണ് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സംഘങ്ങൾ രൂപീകരിച്ചിട്ടുള്ളത്. ആയതിനാൽ നിയമത്തിലെ പല വ്യവസ്ഥകളും സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന് ഒരു സമാന്തര പാത സൃഷ്ടിക്കുന്നത് ലക്ഷ്യമിട്ടാണ്. ആയത് ഭരണഘടനയുടെ അടിസ്ഥാന ഘടന( Basic frame work)-യ്ക്ക് വിരുദ്ധമാണ്.<br><br>പൊതുജനങ്ങൾക്ക് വ്യക്തമായ അവബോധം നൽകുകയും ,കൂടുതൽ മേഖലകളിലേക്ക് സഹകരണ മേഖലയുടെ പ്രവർത്തനം വിപുലീകരിക്കുകയും സേവനങ്ങൾ ആധുനികവത്കരിക്കുകയും ചെയ്യുന്നതിലൂടെ ഈ പ്രതിസന്ധി മറികടക്കാനാകും. സഹകാരികളുടെ കൂട്ടായ ഇടപെടൽ ഇതിന് ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ